പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 140 | 06.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനുള്ള നടപടികൾ

ചോദ്യം

ശ്രീ. എസ്.ശർമ്മ
" എ. പ്രദീപ്കുമാർ
" എ. എൻ. ഷംസീർ
ശ്രീമതി.വീണാ ജോർജ്ജ്

ഉത്തരം

എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.സി.യെ ലാഭകരമായ പൊതുമേഖലാ വ്യവസായമെന്ന നിലയിലേക്ക് ഉയർത്തിയെടുക്കാൻ സാമ്പത്തിക പുനഃക്രമീകരണത്തോടൊപ്പം സർക്കാർ നടത്താനുദ്ദേശിക്കുന്ന പുനരുദ്ധാരണ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | സാമ്പത്തിക പുന:ക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സിയുടെ സമഗ്ര പുനഃരുദ്ധാരണത്തിനായി കെ.എസ്.ആർ.ടി.സിയുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയമിക്കുകയും, അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃരുദ്ധാരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയുമാണ്. വർക്ക് ഷോപ്പുകൾ ആധുനികവല്ക്കരിക്കുക, അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ബസ് ബോഡി നിർമ്മാണം, ടയർ റീ-ട്രേഡിംഗ്, എഞ്ചിൻ റീ-കണ്ടിഷണിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധനക്ഷമത (fuel efficiency) എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുക, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുക, ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുക, തുടങ്ങിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനും ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും 324 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000/- രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർസംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കുറഞ്ഞ വാഹന വിനിയോഗവും ഇന്ധനക്ഷമതയും പരിഹരിക്കുന്നതിനും മാനവവിഭവശേഷിയുടെ യുക്തിസഹമായ വിനിയോഗത്തിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ; | (ബി) | ഇന്ധനക്ഷമത ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)-മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു. ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ 5-നു മുകളിൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപയുടെ പ്രതിദിന ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയക്രമം ബസുകൾ സർവീസ് കഴിഞ്ഞു വരുന്ന സമയത്തിന് അനുസൃതമായി പുന:ക്രമീകരിച്ചു. ഇതു വഴി ഫ്ളീറ്റ് യൂട്ടിലൈസേഷൻ ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മൂവായിരം കോടി രൂപ മൂലധന നിക്ഷേപരൂപത്തിൽ നൽകിക്കൊണ്ട് കെ.എസ്.ആർ.ടി.സി. | (സി) | 3 വർഷം കൊണ്ട് മൊത്തം 3000 കോടി രൂപ പാക്കേജിന്റെ ഭാഗമായി പല രൂപത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ ലഭ്യമാക്കും എന്ന് 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ |

| | | | |
|---|---|---|---|
| | യെ ശാക്തീകരിക്കാനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പുതിയ ബസുകൾ വാങ്ങുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | | ധനകാര്യ മന്ത്രി പ്രഖ്യാപ്പിച്ചിട്ടുണ്ടായിരുന്നു. കാലാവധി പൂർത്തിയാക്കിയ പഴയ ബസുകൾ മാറ്റുന്നതിനും ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് വരുമാനം ഉയർത്തുന്നതിനുമായി 900 ഡീസൽ ബസുകൾ വാങ്ങുന്നതിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇതിൻ പ്രകാരം കിഫ്ബിയിൽ നിന്നും Order No. APR-4/321/2017/KIIFB dated 21/12/2017 പ്രകാരം 324 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. |
| (ഡി) | ചെലവു കുറഞ്ഞ ഇന്ധനമെന്ന നിലയിൽ സി.എൻ.ജി ബസുകൾ വാങ്ങാൻ ആലോചിച്ചിരുന്നത് ഒഴിവാക്കിയോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ? | (ഡി) | ഒഴിവാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**